# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2413      05/02/2018-ൽ മറുപടിക്ക്

**കോവ്വൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജനം**

| | ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കോവ്വൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കണമെന്ന നിർദ്ദേശത്തിൻമേൽ സ്വീകരിച്ചു വരുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ? | (എ) | സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം സെക്ഷനുകളുടെ പുന:ക്രമീകരണ സാധ്യതകളും പരിശോധിച്ചുവരുകയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ കോവ്വൂർ ഇലക്ട്രിക്കൽ സെക്ഷൻ വിഭജിക്കണമെന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ